LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഭക്ഷണശാലകളിൽ വില നിയന്ത്രണത്തിന് നടപടി

151 (5371) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഭക്ഷണശാലകളിൽ, ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രണത്തിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പല സ്റ്റാളുകളിലും ഭക്ഷണ പദാർത്ഥങ്ങൾക്ക് അമിത വില ഈടാക്കുന്നവർക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമായത് ചെയ്യുമോ ;

(സി) പ്രസ്തുത ഭക്ഷണ ശാലകളും ചുറ്റുപാടും ശുചിത്വമുള്ളതാണെന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ കർശനമാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. ഡിപ്പോകളിലെ ഭക്ഷണശാലകളിൽ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ./001984/2007 തീയതി. 23-1-2008 എന്ന ഉത്തരവു പ്രകാരം കെ.എസ്.ആർ.ടി.സി.യുടെ എല്ലാ യൂണിറ്റാഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിൻപ്രകാരം ജീവനക്കാർക്കും, പൊതുജനങ്ങൾക്കും വെവ്വേറെ വില നിശ്ചയിച്ചിട്ടുണ്ട്.

(ബി) അമിത വില ഭക്ഷണ പദാർത്ഥങ്ങൾക്ക് ഈടാക്കുന്ന സ്റ്റാൾ ലൈസൻസിക്കെതിരെ ലൈസൻസ് റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാധ്യമായത് ചെയ്യുന്നതാണ്.

(സി) നിർദ്ദേശം നൽകുന്നതാണ്.

കോരപ്ര-കീഴരിയൂർ-കൊയിലാണ്ടി വഴി കോഴിക്കോട് റൂട്ടിൽ ബസ് സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി

152 (5372) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻകാലങ്ങളിൽ നിയമസഭാംഗങ്ങൾ നിർദ്ദേശിക്കുന്ന ഒരു റൂട്ടിൽ ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ ;

(ബി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ അനുവദിക്കപ്പെട്ട എത്ര ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കുമോ ;